## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1935      04.12.2018 ൽ മറുപടിയ്ക്ക്

### വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | റോഡപകടങ്ങൾ വർഷംപ്രതി വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർ സ്പീഡ്, സിഗ്നൽ മറികടക്കൽ, ഡ്രൈവിംഗിനിടെ മൊബൈൽ ഫോൺ ഉപയോഗിക്കൽ എന്നിവ ചെയ്യുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നുണ്ട്. പുതുതായി ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉൾപ്പെടുത്തി റോഡ് ചെക്കിംഗ് ഊർജ്ജിതപ്പെടുത്തുകയും വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ പടിയായി എല്ലാ സ്കൂൾ വാഹനങ്ങളിലും ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അപകടസാധ്യതയുള്ള മേഖലകളിൽ ക്യാമറകൾ സ്ഥാപിച്ചു വാഹനങ്ങളുടെ മൂവ്മെന്റ് നിരീക്ഷിക്കുന്നുമുണ്ട്. അപകടരഹിതമായ ഡ്രൈവിംഗ് ഉറപ്പാക്കുന്നതിനായി എല്ലാ ഡ്രൈവർമാർക്കും പ്രത്യേകിച്ച്, സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ലേണേഴ്സ് ക്ലാസ്സുകളും നടത്തുന്നുണ്ട്. |
| (ബി) | 1/4/2018 മുതൽ നാളിതുവരെ സംഭവിച്ച റോഡപകടങ്ങളുടേയും റോഡപകടങ്ങളിൽപെട്ട് മരണമടഞ്ഞവരുടേയും വിശദ വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ബി) | പോലീസ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 01.04.2018 മുതൽ നാളിതുവരെ (27.11.2018) സംഭവിച്ച റോഡപകടങ്ങളുടേയും റോഡപകടങ്ങളിൽപെട്ട് മരണമടഞ്ഞവരുടേയും ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ആകെ അപകടങ്ങൾ | മരണം |
|---|---|---|
| തിരുവനന്തപുരം സിറ്റി | 1551 | 123 |
| തിരുവനന്തപുരം റൂറൽ | 2113 | 213 |
| കൊല്ലം സിറ്റി | 1223 | 143 |
| കൊല്ലം റൂറൽ | 1015 | 126 |
| പത്തനംതിട്ട | 933 | 87 |
| ആലപ്പുഴ | 2277 | 231 |
| കോട്ടയം | 1750 | 163 |

| | | | | | |
|---|---|---|---|---|---|
| • | | | ഇടുക്കി | 748 | 49 |
| | | | എറണാകുളം സിറ്റി | 1448 | 99 |
| | | | എറണാകുളം റൂറൽ | 2259 | 193 |
| | | | തൃശ്ശൂർ സിറ്റി | 1438 | 138 |
| | | | തൃശ്ശൂർ റൂറൽ | 1418 | 128 |
| | | | പാലക്കാട് | 1504 | 199 |
| | | | മലപ്പുറം | 1593 | 248 |
| | | | കോഴിക്കോട് സിറ്റി | 871 | 105 |
| | | | കോഴിക്കോട് റൂറൽ | 1071 | 121 |
| | | | വയനാട് | 388 | 32 |
| | | | കണ്ണൂർ | 1353 | 148 |
| | | | കാസർഗോഡ് | 675 | 86 |
| | | | **TOTAL** | **25628** | **2632** |

**സെക്ഷൻ ഓഫീസർ**